**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2177** **03-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാനിന്റെ പുരോഗതി വിശദമാക്കാമോ; മാസ്റ്റർ പ്ലാൻ പ്രകാരം ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നതെന്നും അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും വിശദമാക്കാമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സമഗ്രമായ മാസ്റ്റർ പ്ലാൻ കിഫ്ബി ധന സഹായത്തോടെ നടപ്പിലാക്കുന്നതിനായി സർക്കാർ ഉത്തരവ് G.O.(Rt)No. 1247/2018/H&FWD dated: 16/04/2018 പ്രകാരം 717.29 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ ഏജൻസി ആയി ഇൻകെൽ -നെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 546 കോടി രൂപയുടെ കൺഫർമേഷനും 329 കോടി രൂപയുടെ സാമ്പത്തിക അനുമതിയും കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം, രോഗീപരിചരണം മെച്ചപ്പെടുത്തൽ, പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് വിവിധ ഘട്ടങ്ങളായാണ് മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നത്.<br><br>ആയതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകളുടെ നവീകരണവും എലിവേറ്റഡ് കോറിഡോർ നിർമ്മാണവും ഉൾപ്പെടെയുള്ള എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സാമ്പത്തികാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1) Phase 1 (External works+MLCP) (Rs. 25 Cr) = Rs. 58.37 Cr<br><br>2) Phase 2 (MLT, SAT, OT) = Rs.194.33 Cr<br><br>3) Strengthening of Imageology Dept. = Rs. 43.75 Cr |

| | | | |
|---|---|---|---|
| | | | 4) CCTV = Rs. 14.15 Cr<br><br>5) Cable Shifting = Rs.0.05 Cr<br><br>6) Augmentation of Water supply (KWA)= Rs. 1.38 Cr<br><br>7) RMU & Transformer Shifting = Rs. 1.44 Cr<br><br>8) SAT Functioning Women and Children Block = Rs. 11.24 Cr<br><br>9) Nuclear Medicine =3.95 Cr<br><br>**Total = Rs 329.11 Cr** |
| (ബി) | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഏജൻസിക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | നിർവ്വഹണ ഏജൻസി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മാസ്റ്റർ പ്ലാൻ പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിരുന്ന കാലാവധി എത്രയെന്നും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ; | (സി) | മാസ്റ്റർപ്ലാൻ പ്രവൃത്തി പൂർത്തീകരണത്തിന്റെ കാലാവധി സംബന്ധിച്ച് ഉത്തരവുകളിലൊന്നും സൂചിപ്പിച്ചിട്ടില്ല.<br><br>ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകളുടെ നവീകരണവും എലിവേറ്റഡ് കോറിഡോർ നിർമ്മാണവും ഉൾപ്പെടെയുള്ള എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട എം എൽ റ്റി ബ്ലോക്ക് നിർമ്മാണം 95% പൂർത്തീകരിച്ചിട്ടുണ്ട്. 2025 മാർച്ച് 31ഓടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. ടി വിഭാഗത്തിലേയ്ക്ക് ആവശ്യമുള്ള മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പട്ടിക കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്.<br><br>Strengthening of Imageology പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കാൻ കഴിയും PWD, KMSCL, KELTRON ഉടങ്ങിയ വിവിധ ഏജൻസികൾ മുഖേന ആണ് ടി പ്രവൃത്തി പൂർത്തീകരിക്കുന്നത്. ടി വിഭാഗത്തിൽ സ്ഥാപിക്കേണ്ട മൊബൈൽ ഡിജിറ്റൽ റേഡിയോഗ്രാഫി, ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം (മോഡൽ എ), മൊബൈൽ 100 mA എക്സ് റേ മെഷീൻ, സി റ്റി സ്കാൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. USS Machine, DR Unit ഉടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട് . എം ആർ ഐ മെഷീൻ ഏപ്രിൽ മാസത്തോടെ ലഭ്യമാക്കാൻ കഴിയും<br><br>ഒ.റ്റി ബ്ലോക്ക് നിർമ്മാണത്തിനായി 77 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ |

| | | | |
|---|---|---|---|
| | | | നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ പരിശോധന നടന്നു വരുന്നു. നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയും. ഒ.റ്റി ബ്ലോക്ക് നിർമ്മാണത്തിന്റെ ഭാഗമായുള്ള കേബിൾ ഷിഫ്റ്റിംഗ് പൂർത്തീകരിച്ചു. RMU & Transformer shifting പ്രവർത്തി പുരോഗമിച്ചു വരുന്നു. എസ്.എ.റ്റി പീഡിയാട്രിക് ബ്ലോക്ക് നിർമ്മാണത്തിനുള്ള 200 കോടി രൂപയുടെ പ്രൊപ്പോസൽ ഉൾപ്പെടെയുള്ള ഡി.പി.ആർ ഡിസൈൻ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയും. CCTV/Camera Surveillance system – സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. Control room സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കി ഈ പ്രവൃത്തി ഉടൻ തന്നെ നടപ്പിലാക്കാൻ കഴിയും.<br><br>കൺവെൻഷണൽ മോഡലിലുള്ള മൾട്ടി ലെവൽ കാർ പാർക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായുള്ള 63 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ സാമ്പത്തിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയും.<br><br>ന്യൂക്ലിയാർ മെഡിസിൻ വിഭാഗത്തിന്റെ ശാക്തീകരണത്തിനായി 3.9 കോടി രൂപയുടെ ഫണ്ട് ലഭ്യമായിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ പി ഡബ്ല്യൂ ഡി യ്ക്ക് ഫണ്ട് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | അവശേഷിക്കുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ഡി) | അവശേഷിക്കുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർവ്വഹിക്കുന്നതിനുള്ള ശിപാർശകളൊന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ